ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി,
തിരുവനന്തപുരം

**TIME: 06.30 PM** **DATE: 20.05.2025**

# പ്രധാനവാർത്ത

1. ആയുഷ്മാൻ ഭാരതിലൂടെ രാജ്യത്തെ 58 കോടി ജനങ്ങൾക്ക് കേന്ദ്രസർക്കാർ സൗജന്യ ചികിത്സ ഉറപ്പുവരുത്തിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

2. ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച നയതന്ത്ര ചർച്ചകൾക്കായി സർവകക്ഷി പ്രതിനിധി സംഘങ്ങൾ നാളെ മുതൽ വിദേശപര്യടനം ആരംഭിക്കും

3. കേരളം നവംബർ ഒന്നോടെ അതിദാരിദ്ര്യ മുക്തമായി മാറുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ

4. ഷഹബാസ് വധക്കേസിൽ പ്രതികളായ നാല് വിദ്യാർത്ഥികളുടെ പരീക്ഷാഫലം തടഞ്ഞുവച്ച സർക്കാർ നടപടിയെ വിമർശിച്ച് ഹൈക്കോടതി.

5. വടക്കൻ കേരളത്തിൽ ഇന്ന് അതിതീവ്ര മഴയ്ക്ക് സാധ്യത. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ചുവപ്പ് ജാഗ്രത.

6. ഐപിഎൽ ക്രിക്കറ്റിൽ, ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, രാജസ്ഥാൻ റോയൽസിനെ നേരിടും.

PNU TVPM

***********************************

<u>പ്രധാനമന്ത്രി ലോകാരോഗ്യ അസംബ്ലി</u>

ലോകത്തെ ഏറ്റവും വലിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ ആയുഷ്മാൻ ഭാരതിലൂടെ ഇന്ത്യ 58 കോടി ജനങ്ങൾക്ക് സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. എല്ലാവരെയും ഉൾച്ചേർത്തുള്ള പ്രവർത്തനങ്ങളാണ് ഇന്ത്യയുടെ ആരോഗ്യ പരിഷ്കാരങ്ങളുടെ കാതൽ എന്നും ലോകാരോഗ്യ അസംബ്ലിയുടെ എഴുപത്തിയെട്ടാമത് സമ്മേളനത്തെ ഓൺലൈനായി അഭിസംബോധന ചെയ്തുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു. ആയിരക്കണക്കിന് ആരോഗ്യ, ക്ഷേമ കേന്ദ്രങ്ങളുടെ വിശാലമായ ശൃംഖലയാണ് രാജ്യത്തുടനീളമുള്ളത്. ടെലിമെ□ിസിൻ സംവിധാനത്തിലടക്കം □ിജിറ്റൽ മേഖലയുടെ സാധ്യതകൾ രാജ്യം പ്രയോജനപ്പെടുത്തുന്നു. ആരോഗ്യരംഗത്തെ ഇന്ത്യയുടെ പഠനങ്ങളും മികച്ച രീതികളും ലോകരാജ്യങ്ങളുമായി പങ്കിടാനുള്ള സന്നദ്ധതയും പ്രധാനമന്ത്രി പങ്കുവച്ചു.

***********************************

<u>വിക്രം മിസ്രി - കൂടിക്കാഴ്ച</u>

ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച നയതന്ത്ര ചർച്ചകൾക്ക് മുന്നോടിയായി വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി പാർലമെന്റ് അംഗങ്ങളുമായി കൂടിക്കാഴ്ച നടത്തി. ഭീകരതയോട് വിട്ടുവീഴ്ചയില്ലെന്ന ഇന്ത്യയുടെ സന്ദേശം അന്താരാഷ്ട്ര സമൂഹത്തിൽ എത്തിക്കുന്നതിനായാണ് സർവകക്ഷി പ്രതിനിധി സംഘങ്ങളെ കേന്ദ്ര സർക്കാർ വിവിധ രാജ്യങ്ങളിലേക്ക് അയയ്ക്കുന്നത്. നാളെ മുതൽ അടുത്ത മാസം 5 വരെ 59 എംപിമാർ അംഗങ്ങളായ ഏഴ് പ്രതിനിധി സംഘങ്ങൾ 32 രാജ്യങ്ങളിൽ സന്ദർശനം നടത്തും. കോൺഗ്രസ് എംപി ശശി തരൂർ, ബിജെപി എംപിമാരായ രവിശങ്കർ പ്രസാദ്, ബൈജയന്ത് പാണ്ഡ, ജെ.□ി.യു-വിന്റെ സഞ്ജയ് കുമാർ ഝാ, □ി.എം.കെ അംഗം കനിമൊഴി കരുണാനിധി, എൻ.സി.പി എംപി സുപ്രിയ സുലെ, ശിവസേന എംപി ശ്രീകാന്ത് ഏക്നാഥ് ഷിൻ□െ എന്നിവർ പ്രതിനിധി സംഘങ്ങളെ നയിക്കും. അമേരിക്ക, സൗദി അറേബ്യ, ബഹ്റൈൻ, കുവൈറ്റ്, യുകെ, ഫ്രാൻസ്, ജർമനി , ഇറ്റലി തുടങ്ങിയ രാജ്യങ്ങൾ പ്രതിനിധി സംഘം സന്ദർശിക്കുന്നുണ്ട്.

RNUTVPM

*************************************

<u>മുഖ്യമന്ത്രി ( ഇൻട്രോ )</u>

ഭവനരഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനുള്ള നിരവധി നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. വരുന്ന നവംബർ ഒന്നിന് അതിദാരിദ്ര മുക്ത കേരളം യാഥാർഥ്യമാകുമെന്നും അദ്ദേഹം പറഞ്ഞു. സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങളുമായി ബന്ധപ്പെട്ട് കോഴിക്കോട് വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 2021 മെയ് 20 ന് അധികാരമേറ്റ രണ്ടാം പിണറായി സർക്കാർ ഇന്ന് നാല് വർഷം പൂർത്തിയാക്കുകയാണ്.

( വോയിസ്...)

*************************************

RMU TVPM

<u>സംസ്ഥാന മന്ത്രിസഭ യോഗം</u>

താനൂർ ബോട്ട് അപകടം അന്വേഷിക്കുന്ന ജസ്റ്റിസ് വി.കെ.മോഹനൻ അന്വേഷണ കമ്മീഷന്റെ കാലാവധി 6 മാസത്തേക്കു കൂടി ദീർഘിപ്പിച്ച് സംസ്ഥാന സർക്കാർ. വയനാട് ജില്ലയിൽ റൂസാ പദ്ധതിയിൽ ഉൾപ്പെടുത്തി 5 പുതിയ കോഴ്സുകളോടെ മോ□ ൽ □ിഗ്രി കോളേജ് ആരംഭിക്കാനും ഇന്ന് ചേർന്ന മന്ത്രിസഭാ യോഗത്തിൽ തീരുമാനമായി. കാസർകോട് ഇടയിലക്കാട് എ.എൽ.പി.സ്കൂൾ നിരുപാധികം ഏറ്റെടുക്കാനും സംസ്ഥാന സർക്കാർ തീരുമാനിച്ചു.

*************************************

<u>അമൃത് ഭാരത്- (ഇൻട്രോ)</u>

രാജ്യത്തെ 103 അമൃത് ഭാരത് റെയിൽവെ സ്റ്റേഷനുകളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി മറ്റന്നാൾ രാജസ്ഥാനിൽ നിർവ്വഹിക്കും. കേരളത്തിലെ ചിറയിൻകീഴ്, വടകര സ്റ്റേഷനുകളും ഇതിൽ ഉൾപ്പെടുന്നു. അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയിലൂടെ രാജ്യത്തെ 1300-ഓളം റെയിൽ

സ്റ്റേഷനുകളാണ് നവീകരിക്കുന്നത്.വടകര റെയിൽവേ സ്റ്റേഷനിൽ പൂർത്തിയാക്കിയ വികസന പ്രവർത്തനങ്ങളെക്കുറിച്ച് സീനിയർ □ ിവിഷണൽ പേഴ്സണൽ ഓഫീസർ സിദ്ധാർത്ഥ് കെ വർമ്മ ആകാശവാണി വാർത്തകളോട് .

( വോയിസ്.... )

***********************************

<u>വഖഫ്</u>

വഖഫ് ഭേദഗതി നിയമത്തിന്റെ ഭരണഘടനാ സാധുത ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജികളിൽ സുപ്രീം കോടതി ഇന്ന് മൂന്ന് മണിക്കൂറിലേറെ വാദം കേട്ടു. വ്യക്തമായ കാരണങ്ങളും, ഗുരുതരമായ പ്രശ്നങ്ങളും ഉണ്ടെങ്കിൽ മാത്രമേ നിയമത്തിൽ ഇടപെടാൻ സാധിക്കൂ എന്ന് ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായി, ജസ്റ്റിസ് എ.ജി. എ ജി മസീഹ് എന്നിവർ ഉൾപ്പെട്ട ബെഞ്ച് നിരീക്ഷിച്ചു. ഹർജികളിൽ കേന്ദ്ര സർക്കാരിന്റെ വാദം കോടതി നാളെക്കേൾക്കും.

***********************************

<u>പരീക്ഷാഫലം - ഹൈക്കോടതി</u>

കോഴിക്കോട് താമരശ്ശേരിയിൽ ഷഹബാസ് എന്ന വിദ്യാർത്ഥിയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് പത്താം ക്ലാസ് വിദ്യാർത്ഥികളായ നാല് കുറ്റാരോപിതരുടെ പരീക്ഷാഫലം തടഞ്ഞുവച്ച സർക്കാർ നടപടിയെ വിമർശിച്ച് ഹൈക്കോടതി . എത്രയും വേഗം പരീക്ഷാഫലം പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കണമെന്ന് കോടതി നിർദേശിച്ചു. പരീക്ഷാഫലം തടഞ്ഞുവച്ച നടപടി യുക്തിസഹമല്ലെന്നും, ബാലാവകാശ കമ്മീഷൻ തന്നെ ഫലം പ്രസിദ്ധീകരിക്കാൻ നിർദ്ദേശിച്ചതാണെന്നും കോടതി ചൂണ്ടിക്കാട്ടി. ഫലം പ്രസിദ്ധീകരിച്ചില്ലെങ്കിൽ വിദ്യാഭ്യാസ വകുപ്പിന്റെ നടപടി കുറ്റകരമായ അനാസ്ഥയായി കണക്കാക്കേണ്ടി വരും എന്നും കോടതി മുന്നറിയിപ്പ് നൽകി.

***********************************

RNU TVPM

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

************************************

സംസ്ഥാനം - മഴ

വടക്കൻ കേരളത്തിൽ ഇന്ന് അതിതീവ്ര മഴയ്ക്ക് സാധ്യത. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കവചം മുന്നറിയിപ്പിന്റെ ഭാഗമായി ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ച ജില്ലകളിൽ ഇന്ന് വൈകുന്നേരം സൈറണുകൾ മുഴങ്ങി. മലയോര മേഖലയിൽ ഉരുൾപൊട്ടലിനും, മലവെള്ളപ്പാച്ചിലിനും സാധ്യതയുള്ളതിനാൽ ജനങ്ങൾ അധികൃതരുടെ നിർദേശം അനുസരിച്ച് മാറിത്താമസിക്കേണ്ടതാണ്. അടുത്ത അഞ്ച് ദിവസം സംസ്ഥാനത്ത് വ്യാപക മഴ തുടരുമെന്നാണ് മുന്നറിയിപ്പ്. അടുത്ത നാല്-അഞ്ച് ദിവസത്തിനുള്ളിൽ കാലവർഷം കേരളത്തിൽ എത്തിച്ചേരും. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിലെ മോശം കാലാവസ്ഥ കണക്കിലെടുത്ത് ഈ മാസം 24 വരെ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

************************************

കാസർഗോഡ് - മഴ (ഇൻട്രോ)

അതിശക്തമായ മഴ തുടരുന്ന കാസർഗോഡ് ജില്ലയിൽ, അടിയന്തര സാഹചര്യങ്ങളെ നേരിടാൻ മുന്നൊരുക്കങ്ങൾ സ്വീകരിച്ചുവരുന്നതായി ജില്ലാ കളക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി.ജഗന്നിവാസൻ........

RNU TVPM

(വോയ്സ്)

************************************

## കണ്ണൂർ മഴ

കണ്ണൂർ ജില്ലയിലും കനത്ത മഴ തുടരുകയാണ്. മഴ ജന ജീവിതത്തെ സാരമായി ബാധിച്ചു. പലയിടങ്ങളിലും വെള്ളം കയറി. ദേശീയപാത 66 ന്റെ ഭാഗമായ സർവീസ് റോ ുകളിൽ മിക്കയിടത്തും വെള്ളം നിറഞ്ഞത് വാഹനഗതാഗതത്തെ സാരമായി ബാധിച്ചു. കുറുവയിൽ മതിൽ ഉൾപ്പെടെ മണ്ണിടിഞ്ഞ് രണ്ട് വീടുകൾക്ക് കേടു പറ്റി. പഴശ്ശി അണക്കെട്ടിന്റെ ഷട്ടറുകൾ നാളെ രാവിലെ 10 മണി മുതൽ മറ്റൊരു അറിയിപ്പ് കൂടാതെ തുറന്ന് ജലവിതാനം ക്രമീകരിക്കുമെന്ന് അധികൃതർ അറിയിച്ചു. വളപട്ടണം പുഴയുടെ ഇരുകരകളിലും താമസിക്കുന്നവർ ജാഗ്രത പാലിക്കണം.

RNU TVPM

************************************

## വയനാട് നിയന്ത്രണം

വയനാട് ജില്ലയിൽ റെഡ് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തി. എടക്കൽ ഗുഹയിലേക്കുള്ള സഞ്ചാരികളുടെ പ്രവേശനം നിരോധിച്ചു. കുറുവ, കാന്തൻപാറ, പൂക്കോട്, കർളാട് കേന്ദ്രങ്ങളിലെ ബോട്ടിങ് നിർത്തിവെച്ചു. പാർക്കുകൾ തുറന്നു പ്രവർത്തിക്കുമെങ്കിലും ജില്ലയിലെ എല്ലാ സാഹസിക വിനോദങ്ങളും ജലവിനോദങ്ങളും കർശനമായി നിരോധിച്ചതായി  ിടിപിസി അറിയിച്ചു.

************************************

## മലപ്പുറം - ദേശീയപാത

മലപ്പുറത്ത് ദേശീയ പാത 66 നിർമ്മാണത്തിൽ ഉണ്ടായ അപാകത അന്വേഷിക്കാൻ നാഷണൽ ഹൈവേ അതോറിറ്റി നിയോഗിച്ച വിദഗ്ധ സമിതി നാളെ സ്ഥലം സന്ദർശിക്കും. കൂരിയാടിനും, കൊളപ്പുറത്തിനുമിടയിലാണ് കഴിഞ്ഞ ദിവസം

ദേശീയപാതയുടെ ഒരുഭാഗം സർവീസ് റോ ിലേക്ക് ഇടിഞ്ഞുവീണത്. വാഹനങ്ങൾ വഴിതിരിച്ചുവിടുന്നത് മേഖലയിൽ യാത്രാക്ലേശം രൂക്ഷമാക്കി.

**********************************

## കൊച്ചി - കുഞ്ഞിന്റെ മരണം

കൊച്ചിയിൽ അമ്മ പുഴയിൽ എറിഞ്ഞ് കൊലപ്പെടുത്തിയതായി സംശയിക്കുന്ന മൂന്നര വയസുകാരിയുടെ മൃതദേഹം സംസ്കരിച്ചു. കുട്ടിയുടെ അമ്മയെ പോലീസ് കസ്റ്റ ിയിൽ എടുത്തിട്ടുണ്ട്. കൂടുതൽ ചോദ്യം ചെയ്താലേ വിശദാംശങ്ങൾ അറിയാൻ കഴിയൂ എന്ന് ആലുവ റൂറൽ എസ്.പി എം.ഹേമലത മാധ്യമങ്ങളോട് പറഞ്ഞു.

**********************************

## ഐ പി എൽ

ഐപിഎൽ ക്രിക്കറ്റിൽ, ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, രാജസ്ഥാൻ റോയൽസിനെ നേരിടും.  ൽഹി അരുൺ ജെയ്റ്റ്ലി സ്റ്റേ ിയത്തിൽ രാത്രി 7.30നാണ് മത്സരം.

*********************************************************************************

RNUTVPM